PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

First Session—1959

(Second Meeting)

Monday, the 1st June 1959.

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 1st June 1959 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

SHORT NOTICE QUESTION.

പി. എസ്. സി. ടെസ്റ്റിനു ചേരാനുള്ള അപേക്ഷാഫാറം.

* [15] ശ്രീമതി കുസുമം ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പി. എസ്. സി.യുടെ ക്ലെറിക്കൽ ടെസ്റ്റിനു ചേരാൻ യോഗ്യതയുള്ളവരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചിരുന്നുവോ ;

(ബി) രണ്ടാംനമ്പർ ഫാറത്തിലാണോ അപേക്ഷകൾ അയയ്ക്കേണ്ടിയിരുന്നതു്; ഈ ഫാറത്തിൽ പരീക്ഷാസെൻറർ കാണിക്കണമെന്നാവശ്യപ്പെട്ടിരുന്നുവോ;

(സി) എക്സാമിനേഷൻ സെൻറർ സ്പെസിഫൈ ചെയ്തില്ല എന്ന കാരണത്താൽ എത്ര അപേക്ഷകൾ പി. എസ്. സി. തള്ളി ;

(ഡി) അപേക്ഷകർക്കു് ഇതു വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെന്നതിനെ പരിഗണിച്ചു് ഈ ഉത്തരവു പുനഃപരിശോധന ചെയ്യുമോ ?

2/687/V.

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്) :

(എ) ക്ഷണിച്ചിരുന്നു.

(ബി) അതേ; ഇല്ല.

(സി) 1134.

(ഡി) ശരിയായി അപേക്ഷകൾ അയയ്ക്കാൻ സാധിക്കാത്തതുകൊണ്ടും, അപേക്ഷകൾ സ്വീകരിക്കാനുള്ള അവസാനതീയതി 1959 മേയ് 15 വരെ നീട്ടിയിട്ടുണ്ട്.

ശ്രീമതി കുസുമം ജോസഫ് : ആദ്യം സെൻറർ സ്സെസിഫൈ ചെയ്തിട്ടില്ലാത്തവർ വീണ്ടും അപേക്ഷിക്കുമ്പോൾ 5 രൂപാ ചെല്ലാൻ സഹിതം അപേക്ഷിക്കണമെന്നുണ്ടോ ?

ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട് : അതിനെപ്പറ്റി കടലാസ്സിൽ ഒന്നും കാണുന്നില്ല.

ശ്രീമതി കുസുമം ജോസഫ് : മേയ് 15-ന ശേഷം രണ്ടാമതും ചെല്ലാൻ ഒട്ടിക്കി അപേക്ഷിക്കണമെന്നു വന്നാൽ, സാധുക്കളായ വിദ്യാർത്ഥികൾക്ക ബുദ്ധിമുട്ടാണെന്നുള്ളതിനെ പരിഗണിച്ച് ഈ കാര്യം പുനഃപരിശോധന ചെയ്യുമോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീമതി കുസുമം ജോസഫ് : ഗസറ്റിൽ മാത്രം ഇതു പരസ്യം ചെയ്യുന്നതുകൊണ്ട് ഗസറ്റ് കിട്ടാൻ പ്രത്യേക സൗകര്യമോ സൗഹചര്യമോ ഇല്ലാത്ത പലർക്കും ഇതു സംബന്ധിച്ച് ശരിയായ ഇൻഫർമേഷൻ കിട്ടാൻ പ്രയാസമായതുകൊണ്ട്, വയസ്സിളവ് കഴിഞ്ഞവർക്കപോലും ഇതുമൂലം വീണ്ടും അപേക്ഷിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടെന്നുള്ള കാര്യം പരിഗണിച്ച് ഇതു ഒന്നുകൂടി പരിശോധിക്കാൻ തയ്യാറാകുമോ ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : ഗസറ്റിൽ മാത്രം പരസ്യം ചെയ്യുന്നുവെന്ന പറഞ്ഞതു ശരിയല്ല. ചില പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നുണ്ട്. കുഴപ്പം ഉണ്ടാകാനുള്ള കാരണങ്ങളിൽ ഒന്ന്, ഗസറ്റിൽ മാത്രമേ ഇതിൻറെ ഫാറം കാണുകയുള്ളൂ; പത്രങ്ങളിൽ കാണുകയില്ല, എന്നതാണ്.

ശ്രീമതി കുസുമം ജോസഫ് : പത്രത്തിൽ വിശദവിവരം ഇല്ലാത്തതുകൊണ്ടാണ് സെൻറർ സ്സെസിഫൈ ചെയ്യ [രേഖപ്പെടുത്താത്തതെന്നുള്ള കാരണത്താൽ ഇതു പുനഃപരിശോധന ചെയ്യേണ്ടതല്ലേ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : അതു കാര്യത്തെ പരിഗണിച്ചിട്ടാണല്ലോ തീയതി നീട്ടിയതു; അല്ലെങ്കിൽ തീയതി നീട്ടുമായിരുന്നില്ല.

ADJOURNMENT MOTIONS.

Sea Erosion in the State.

മി. സ്പീക്കർ : ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാരും, ശ്രീ. കെ. സി. ഏബ്രഹാമും ഓരോ അടിയന്തിരപ്രമേയത്തിനു നോട്ടീസ് നൽകിയിട്ടുണ്ട്. അവയിൽ ശ്രീ. കുഞ്ഞിരാമൻനമ്പ്യാരുടേതു രാജ്യത്തു പല പ്രദേശങ്ങളിലും ഉണ്ടാകുന്ന കടലാക്രമണത്തെക്കുറിച്ചും ശ്രീ. ഏബ്രഹാമിൻറേതു അങ്കമാലിയിൽ നടക്കുന്ന പോലീസു മർദ്ദനങ്ങളെക്കുറിച്ചും എടുത്തു കാണിക്കുന്നു. അവയുടെ കോപ്പി ബഹുമാനപ്പെട്ട പി. ഡബ്ലിയു. മിനിസ്റ്റർക്കും, ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly